(ഡി) പരിഷ്ക്കാരം നിലവിൽവരുന്നതിനുമുമ്പ് ശരാശരി ദിവസവരുമാനം 1,81,978 രൂപ, പരിഷ്ക്കാരം നിലവിൽവന്നതിനുശേഷമുള്ള ശരാശരി ദിവസ വരുമാനം 1,67,739 രൂപ.

കണ്ണൂരിൽനിന്നും അന്യസംസ്ഥാനത്തേയ്ക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾ

65 [2717] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കണ്ണൂർ ഡിപ്പോയിൽനിന്നും എത്ര ബസ്സുകൾ മറ്റ് സംസ്ഥാനത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വീസ് നടത്തുന്ന ബസ്സുകൾ പഴക്കം ചെന്നതും സൗകര്യങ്ങൾ കുറഞ്ഞതുമായതുകൊണ്ട് പകരം പുതിയ ബസ്സുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) കണ്ണൂർ ഡിപ്പോയിൽനിന്ന് 20 അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

പ്രൈവറ്റ് ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി

66 [2718] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-സിവിൽ സ്റ്റേഷൻ-കുന്ദമംഗലം റൂട്ടിൽ പ്രൈവറ്റ് ബസ് റൂട്ട് അനുവദിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാകും?

ഉത്തരം

(എ) ദേശസാൽകൃത റൂട്ട് ആയതുകൊണ്ട് ഈ റൂട്ടിൽ നിലവിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ അനുവദിക്കാൻ സാധിക്കുകയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly